**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1408** **14-03-2022 - ൽ മറുപടിയ്ക്ക്**

**ചുമട്ടുതൊഴിലാളി സമരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ . ഷംസുദ്ദീൻ,<br>ശ്രീ.പി. കെ. ബഷീർ ,<br>ശ്രീ. നജീബ് കാന്തപുരം,<br>ശ്രീ. യു.എ.ലത്തീഫ് | | null<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | വ്യാപാര സ്ഥാപനങ്ങൾക്കുള്ള സാധനങ്ങൾ പ്രസ്തുത സ്ഥാപനങ്ങളിലെ ജീവനക്കാർ തന്നെ ഇറക്കുന്നതിന് അനുകൂലമായ കോടതി ഉത്തരവുണ്ടായിട്ടും കണ്ണൂർ മാതമംഗലത്ത് ചുമട്ടുതൊഴിലാളികളുടെ സമരത്തെ തുടർന്ന് കടകൾ അടച്ചുപൂട്ടേണ്ടിവന്ന സംഭവം പരിശോധിച്ചിട്ടുണ്ടോ; | (എ) | പരിശോധിച്ചിട്ടുണ്ട്. |
| (ബി) | ലൈസൻസുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ മൂലമാണ് മാതമംഗലത്തെ കട അടയ്ക്കേണ്ടിവന്നത് എന്നതരത്തിൽ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (ബി) | ഇല്ല. സ്ഥാപനത്തിന് പ്രവർത്തിക്കുന്നതിനായി ലൈസൻസ് നൽകിയ മുറിയ്ക്ക് പുറമെ അധിക മുറികൾ സ്ഥാപനം ഉപയോഗിക്കുന്നതായി എരമം കുറ്റൂർ ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെട്ട സാഹചര്യത്തിൽ ലൈസൻസ് യഥാവിധി പുതുക്കുന്നതിന് നിർദ്ദേശം നൽകികൊണ്ട് പഞ്ചായത്ത് സ്ഥാപന ഉടമയ്ക്ക് നോട്ടീസ് നൽകിയിട്ടുണ്ട്. കൂടാതെ കേരള ഷോപ്സ് & കോമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്റ്റ് പ്രകാരം പയ്യന്നൂർ അസിസ്റ്റന്റ് ലേബർ ഓഫീസർ സ്ഥാപനത്തിന് രജിസ്ട്രേഷൻ നല്കിയിട്ടുണ്ട്. |
| (സി) | ചുമട്ടുതൊഴിലാളി സമരത്തെ തുടർന്ന് സമാനമായ സംഭവം കണ്ണൂർ പഴയങ്ങാടിയിലും ഉണ്ടായിട്ടുണ്ടോ; | (സി) | കണ്ണൂർ മാടായിലെ പോർക്കലി സ്റ്റീൽസ് എന്ന സ്ഥാപനം തൊഴിൽ തർക്കത്തെ തുടർന്ന് അടഞ്ഞുകിടക്കുകയാണ്. തർക്കം പരിഹരിക്കുന്നതിനുള്ള നിർദ്ദേശം ഇപ്പോൾ കോഴിക്കോട് റീജീയണൽ ജോയിന്റ് ലേബർ കമ്മീഷണറുടെ പരിഗണനയിലാണ്. |
| (ഡി) | വ്യാപാര-വ്യവസായ മേഖലകളിലെ പുതിയ സംരംഭങ്ങൾക്ക് ആവശ്യമായ സഹചര്യങ്ങൾ ഒരുക്കുന്നതിൽ സർക്കാരിന് വീഴ്ച സംഭവിച്ചിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ? | (ഡി) | ഇല്ല. ഇത്തരത്തിലുള്ള സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ ഉടനെ തന്നെ തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർ നടപടികൾ എടുക്കുകയും പ്രശ്നം പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ